**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2473** **12-10-2021 - ൽ മറുപടിയ്ക്ക്**

**പി.എം.ഇ.ജി.പി., നാനോ പദ്ധതികൾ പ്രകാരം തുടങ്ങിയ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പി.എം.ഇ.ജി.പി., നാനോ പദ്ധതികൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പുതിയ സംരംഭങ്ങളാണ് തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കിയതിൽ PMEGP പദ്ധതി പ്രകാരം 7302 യൂണിറ്റുകളും നാനോ പദ്ധതിയിലൂടെ 373 യൂണിറ്റുകളും ഉൾപ്പെടെ ആകെ 7675 യൂണിറ്റുകളുമാണ് തുടങ്ങിയത്. |
| (ബി) | ഇങ്ങനെ തുടങ്ങുന്ന സംരംഭങ്ങളുടെ സക്സസ് റേറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് എന്ന് വിശദമാക്കാമോ; | (ബി) | PMEGP പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (KVIC) ആണ്. KVIC വഴി PMEGP പദ്ധതി വഴി ധനസഹായം നേടിയ യൂണിറ്റുകളുടെ ഭൗതിക പരിശോധന നടത്തി വരുന്നുണ്ട്. യൂണിറ്റ് ആരംഭിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകുകയാണ് വകുപ്പ് വഴി ചെയ്തു വരുന്നത്. മാർജിൻ മണി ഗ്രാന്റ് പദ്ധതിയുടെ മാർഗരേഖ പ്രകാരം ഗ്രാന്റ് കിട്ടിയ യൂണിറ്റുകൾ ഗ്രാന്റ് കിട്ടിയ തീയതി മുതൽ തുടർച്ചയായി 3 വർഷം പ്രവർത്തിച്ചിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. അല്ലാത്ത പക്ഷം ഗ്രാന്റ് തുക തിരികെ പിടിക്കുന്നതിന് നിബന്ധനയുണ്ട്. യൂണിറ്റ് ആരംഭിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകുകയാണ് വ്യവസായ വകുപ്പ് ചെയ്തു വരുന്നത്. സക്സസ് റേറ്റ് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (സി) | ഇങ്ങനെ ആരംഭിക്കുന്ന പുതിയ സംരംഭങ്ങളുടെ നല്ല രീതിയിലുള്ള മുന്നോട്ട് പോക്കിന് വകുപ്പിന്റെ ഭാഗത്ത് നിന്ന് ഫോളോ അപ്പ് ഉണ്ടാകാറുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. വ്യവസായവികസന ഓഫീസർമാർ നിശ്ചിത കാലയളവു വരെ പ്രവർത്തനം വിലയിരുത്തൽ, ഹാൻഡ്ഹോൾഡിംഗ്/എസ്കോട്ടിംഗ് സർവ്വീസ് എന്നിവ നൽകി വരുന്നുണ്ട്.വ്യവസായ വികസന ഓഫീസർമാർ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നൽകാറുണ്ട്. പുതിയ സാങ്കേതിക അറിവുകൾ പരിചയപ്പെടുത്തുന്ന ടെക്നോളജി ക്ലിനിക്ക് പോലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ നിലവിലുള്ള സംരംഭകരേയും ഉൾപ്പെടുത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യന്ത്രപ്രദർശന മേള, ഭക്ഷ്യാധിഷ്ഠിത പ്രദർശന മേള,വിവിധ പ്രദർശന മേളകൾ എന്നിവയിൽ ഇത്തരം സംരംഭകരെ പങ്കെടുപ്പിക്കാറുമുണ്ട്. കൂടാതെ വിവിധ കാരണങ്ങളാൽ നഷ്ടത്തിൽ ആവുകയും പ്രവർത്തനരഹിതമാകുകയും ചെയ്യുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ സ്ഥിരനിക്ഷേപത്തിനും പ്രവർത്തനമൂലധനത്തിനും ഉൾപ്പെടെ സാമ്പത്തിക സഹായം നൽകി പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിനായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. a. Revival and rehabilitation scheme for defunct MSMEs and cashew processing units b. The Kerala stressed MSMEs Revival & Rehabilitation Scheme |

സെക്ഷൻ ഓഫീസർ